ഭാര്യ അഭിനയിക്കുന്ന ഒരു പരസ്യത്തിന്റെ ഷൂട്ടിംഗിൽ പങ്കെടുത്ത് മലപ്പുറത്ത് നിന്നും ആലുവക്ക് മടങ്ങുമ്പോഴാണ് മറ്റൊരു പരസ്യകമ്പനിയുടെ ആൾക്കാർ വിളിക്കുന്നത്.
അപ്പോൾ സമയം രാത്രി 8 മണി. ഇനിയും മൂന്ന് മണിക്കൂർ ഡ്രൈവ് ചെയ്യണം ആലുവക്ക്...

"സാർ, വൈഫ് പറഞ്ഞിരുന്നു സാറിനും അഭിനയത്തിൽ താത്പര്യമുണ്ടെന്ന്, ഞങ്ങൾക്ക് ഒരു കുടുംബത്തെ വേണം. മകളും സാറും കൂടി ഉണ്ടെങ്കിൽ ഞങ്ങൾ ഒരു ഷൂട്ടിംഗ് അറേഞ്ച് ചെയ്യട്ടെ?"

"എപ്പോൾ? എവിടെ വച്ച്?"

"സാർ, പറ്റുമെങ്കിൽ നാളെ തന്നെ, വീട്ടിൽ തന്നെ ചെയ്യാം."

നാളെ ബാങ്കുള്ളതാണ്, മകൾക്ക് സ്കൂളിൽ പോകണം, സമയം ഇത്ര ആയിരിക്കുന്നു. വീട്ടിൽ എത്താൻ 11 മണി എങ്കിലും ആകും.... പക്ഷേ വർഷങ്ങളായുള്ള അഭിനയമോഹം, കുടുംബത്തിന് ഒന്നിച്ചു ലഭിക്കുന്ന അവസരം...ചിന്തകൾ പരസ്പരം പോരാടി. പെട്ടെന്ന് തീരുമാനം പറയണം. ഒടുവിൽ....സ്വപ്നങ്ങളെ താലോലിക്കുന്ന മനസ്സിന്റെ കോണിലാണ് വെളിച്ചം തെളിഞ്ഞത്.

"ശരി, ഞങ്ങൾ റെഡി ആണ്.. "

സ്വപ്നങ്ങൾക്ക് ലഭിച്ച ബോണസ് പോലെ അര മണിക്കൂറിനകം മറ്റൊരു വാർത്ത വരുന്നു. അടുത്ത ദിവസം ഒരു അപ്രതീക്ഷിത ഹർത്താൽ. ജോലിയുടെയും മോളുടെ സ്കൂളിന്റെയും ആശങ്കകൾക്ക് വിരാമം.

അടുത്ത ദിവസം നാല് മണിക്കൂർ നീണ്ട ഒരുക്കങ്ങളും ഷൂട്ടിങ്ങും..പരസ്യകമ്പനിക്ക് ഹർത്താൽ പൂർണമായും പ്രയോജനപ്പെട്ടതിന്റെ സന്തോഷം.

പുറത്ത് വന്ന പങ്കജകസ്തൂരിയുടെ പരസ്യചിത്രം തുടർച്ചയായി രണ്ട് വർഷം തീയേറ്ററിലും ടീവി യിലും ഓടിയപ്പോൾ പ്രശസ്തരായത് ഒരു കലാകുടുംബം. ആ കുടുംബനായകനാണ് ഈ ആഴ്ചത്തെ ടാലന്റഡ് ബാങ്കർ.

**അനൂപ് വി,**
**യുണൈറ്റഡ് ബാങ്ക് ഓഫ് ഇന്ത്യ,**
**കോർപ്പറേറ്റ് ഫിനാൻസ് ശാഖ,**
**ചെന്നൈ.**

അമേരിക്കൻ കമ്പനി ആയ കെ ബി ആറിൽ അഫ്ഗാനിസ്ഥാനിൽ ജോലി ചെയ്തിരുന്ന ടി പി വേണുഗോപാലിന്റെയും, കേരള സ്റ്റേറ്റ് ഹൌസിംഗ് ഫെഡറേഷൻ റീജിയണൽ മാനേജർ ആയി റിട്ടയർ ചെയ്ത കെ ബി ഗംഗാമണിയുടെയും മകനായി ചേർത്തല കടക്കരപ്പള്ളിയിൽ ജനിച്ച അനൂപിന് കുട്ടിക്കാലത്തേ തുടങ്ങിയതാണ് അഭിനയഭ്രാന്ത്. പത്താം ക്ലാസ്സ് വരെ പട്ടണക്കാട് പബ്ലിക് സ്കൂളിൽ ആയിരുന്നു പഠനം. എൽ കെ ജി മുതൽ ഒരവസരം കിട്ടിയാൽ സ്റ്റേജിൽ കയറിക്കൂടുന്ന പയ്യന് ഒരംഗീകാരം കിട്ടിയത് മൂന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ സ്വന്തമായി തയാറാക്കിയ മോണോആക്ട് വഴി കിട്ടിയ മൂന്നാം സമ്മാനമാണ്. പിന്നെ നിരന്തരമായി നാടകങ്ങൾ, മോണോ ആക്ട്, സ്കിറ്റുകൾ... അഭിനയിക്കാനുള്ള ക്ഷണം ഏത് പാതിരാത്രിക്ക് കിട്ടിയാലും
"പിന്നെന്താ ഞാനേറ്റു.."
എന്നൊരു മറുപടിയേ അനൂപിനുണ്ടായിരുന്നുള്ളൂ.

കാക്കനാട് ഭവൻസ് ആദർശ് വിദ്യാലയത്തിൽ നിന്നും പ്ലസ് ടു കഴിയും വരെ അനൂപില്ലാതെ ഒരു പരിപാടി ഇല്ലെന്നായി. സ്കൂളിലെ പരിപാടികൾ മാത്രമല്ല നാട്ടിലെ ക്ലബ്ബുകൾ ഒരുക്കുന്ന തെരുവ് നാടകങ്ങളിലും അനൂപ് സജീവമായിരുന്നു. എന്നാൽ പിന്നീട് കോയമ്പത്തൂർ ഹിന്ദുസ്ഥാൻ കോളേജ് ഓഫ് എഞ്ചിനീയറിങ്ങിലെ പഠനകാലം അഭിനയമോഹമൊക്കെ എവിടെയോ മറന്നുവച്ച പോലെ ആയി.

പഠിച്ചിറങ്ങിയ ഉടനെ കെ എസ് ഇ ബിയിൽ കരാർ അടിസ്ഥാനത്തിൽ എൻജിനീയറായി നിയമനം, ഒരു കൊല്ലത്തിന് ശേഷം സൗത്ത് ഇന്ത്യൻ ബാങ്കിൽ നിയമനം, അവിടെ നിന്നും യുണൈറ്റഡ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചെന്നൈ താമ്പരം ശാഖയിലേക്ക് 2011ൽ ഓഫീസർ ആയി നിയമനം.

2012ൽ വയനാട് സ്വദേശിനി പ്രീന എസ് നമ്പ്യാർ ജീവിതത്തിലേക്ക് കടന്നു വന്നതോടെ മറന്നുവെച്ച മോഹങ്ങളൊക്കെ പുനർജനിച്ചു.

ജോലിക്കപ്പുറം എന്തെങ്കിലും ഒക്കെ ചെയ്യണം എന്ന മോഹം പ്രീനക്കും ഉണ്ടായിരുന്നു. 2018ൽ ഗൃഹലക്ഷ്മി നടത്തിയ മിസ്സിസ് കേരള മത്സരത്തിൽ ഫൈനലിസ്റ്റ് ആയപ്പോഴാണ് മോഡലിങ്ങിൽ തനിക്കെന്തെങ്കിലും ചെയ്യാനാവുമെന്ന് പ്രീനക്ക് തോന്നിയത്. ആ ഇഷ്ടവും അനൂപിന്റെ അഭിനയമോഹവും അവിടെ നിന്നും കൈകോർത്തു. താമസിയാതെ പാരച്യൂട്ട് ഹെയർ ഓയിലിന്റെ മോഡൽ ആയി പ്രീന, തുടർന്ന് മില്ലർ വയേർസ്, ടി ടി ദേവസ്സി ജ്വല്ലറി.. ഇതിനിടയിലാണ് പ്രീനയിൽ നിന്നും അനൂപിന്റെ മോഹം അറിഞ്ഞ പരസ്യകമ്പനി പങ്കജകസ്തൂരിക്ക് വേണ്ടി പരസ്യചിത്രത്തിന് സമീപിക്കുന്നത്.

അതൊരു ബ്രേക്ക് ആയി. തുടർന്ന് കുടുംബമായി തന്നെ നാഗർകോവിലിൽ ഉള്ള

ഒരു ബേബി ഷോപ്പിന്റെ പരസ്യചിത്രം. ഇതിനിടെ മകൾ മാത്രമായി പ്യൂമ കുടകൾ, പങ്കജകസ്തൂരി തുടങ്ങിയ പരസ്യങ്ങൾ.
അനൂപിനും പ്രീനക്കും ഏറ്റവും അത്ഭുതമായത് മാതൃഭൂമി ആരോഗ്യമാസികയുടെ മുഖചിത്രത്തിലേക്കുള്ള ക്ഷണമാണ്. അതും പരസ്യചിത്രങ്ങളും നേടിക്കൊടുത്ത പ്രശസ്തി വിവരണാതീതമാണ് എന്ന് പറയുമ്പോൾ അനൂപിന്റെ വാക്കുകളിൽ നക്ഷത്രങ്ങൾ മിന്നി.

താംബരത്ത് ആരംഭിച്ച ഔദ്യോഗിക ജീവിതം കോയമ്പത്തൂർ വടവള്ളി, നാട്ടരസൻകോട്ട, ആലുവ വഴി ചെന്നൈയിൽ തിരിച്ചെത്തി നിൽക്കുന്നു. സീനിയർ മാനേജരായി.
സഹപ്രവർത്തകർ തനിക്കു നൽകുന്ന ഊർജവും അവരുടെ സ്വന്തം താരമായി അംഗീകരിക്കുന്ന സ്നേഹവാത്സല്യങ്ങളും മനസ്സിന് നൽകുന്നത് വല്ലാത്തൊരു കുളിർമ ആണെന്ന് അനൂപ്.

കോഗ്നിസന്റ് ടെക്നോളജീസിൽ ജോലി ചെയ്യുന്ന പ്രീന നൽകുന്ന പിന്തുണയെ കുറിച്ച് പറയുമ്പോൾ അനൂപ് വാചാലനായി. അന്യോന്യം കഴിവുകൾ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയുംമറ്റേയാൾക്ക് കൂടി അവസരങ്ങൾ തേടുകയും ചെയ്യുന്നതാണ് കുടുംബത്തിനൊന്നാകെ അവസരങ്ങൾ എത്തുന്നതിന് പിന്നിൽ എന്നാണ് അനൂപിന്റെ വിലയിരുത്തൽ. അതിപ്രശസ്തമായ ഒരു നടനുമൊത്ത് പ്രീന അഭിനയിച്ച മറ്റൊരു പരസ്യചിത്രം റിലീസിന് തയാറാവുന്നതിന്റെ ത്രില്ലിൽ ആണ് അനൂപും കുടുംബവും.

മോഡലിംഗിനും പരസ്യചിത്രങ്ങൾക്കും അപ്പുറം വലിയ സ്ക്രീനിലേക്ക് ഒരു നല്ല ചിത്രം, നല്ല ഒരു കഥാപാത്രം.. അതാണ് അനൂപിന്റെ മോഹം. അത് നടക്കും എന്ന് തന്നെ വിശ്വസിക്കാനാണ് അനൂപിന് ഇഷ്ടം. ആഗ്രഹിക്കുന്നതൊക്കെ നടക്കും എന്ന ശുഭാപ്തി വിശ്വാസം വച്ചു പുലർത്തുന്ന അനൂപിന്റെ അഭിലാഷങ്ങളിൽ സെല്ലുലോയ്ഡിന്റെ വെളിച്ചം പതിയട്ടെ എന്നാശംസിക്കുന്നു.

**English Version**

On the way back to Aluva from Malappuram after the shooting of an advertisement in which his wife acted, they received an unexpected call from another advertising company. It was around 8 at night and it would take yet another three hours for the family to reach Aluva.

“Sir, your wife had informed us that you too have a penchant for acting. We require a family for this particular ad. If your daughter and you too take part, shall we arrange a shooting?”

“When? Where would it be? “ he shot his questions.

“Sir... if possible, we can arrange for it tomorrow in your own home.. “

He has go for work at the bank, daughter has school to attend, it is already night and it would be at least 11 pm by when they reach home.. but.. years of yearning for an opportunity to act, an opportunity given to the whole family.. he was in a grave dilemma- to be or not to be, his heart and mind whispered to each other. He would have to decide soon. Al long last, the corner where he cherished his dream shone bright.

“Ok, we are ready..”

As though they got a bonus to their combined dream, within the next half hour came the news of an unanticipated hartal to be held the next day. All concerns of school and work got to rest.

The next day witnessed a 4 - hour long make up, arrangements and shooting.. the advertising company rejoiced in the hartal day put to the best use.

The Pankajakasturi advertisement that resulted was run for two years at a stretch over movie theatres and TV thus bringing to fame an artistic family. Let us introduce the head of that family as the Talented Banker of the week :

Anoop V,
United Bank of India,
Corporate Finance branch,
Chennai

He was born to Shri T.P. Venugopal who worked in Afghanistan for an American company named K B R and Smt. K.B. Gangamani who retired as the Regional Manager of the Kerala State Housing Federation in Cherthala Kadakkarappally. His craze for acting is as old as himself. He did his schooling till 10th grade from the Patanakkad Public School. Though he went on to the stage whenever he got the chance from the time he was in L.K.G , he got a recognition while at 3rd standard when he got third prize for a mono-act written and enacted on his own. From then on started the consistent participation in dramas, skits and mono-acts.

Even if he was awoken from sleep and asked to act, he was ever ready. “Of course, why not? “ would be his sure shot answer at any moment.

Till the time he passed out from the Kakkanad Bhavans Adarsha Vidyalaya in his 12th grade, there wouldn’t be a school programme without Anoop. He also played an inevitable role in the street plays organised by the local clubs. But with his joining the Coimbatore Hindustan College of Engineering he lost his passion for acting.

As soon as he passed out of college he got appointed as Engineer in KSEB on contract basis, and in an year he joined the South Indian bank and from there he joined the United Bank of India Thambaram branch as an officer in the year 2011.

With Preena S Nambiar hailing from Vayanad came into his life in 2012, his hibernating dreams woke with a start. Preena too wished to be creative rather than being stuck to her job. She felt she had the potential to excel in modelling field when in 2018 Grihalakshmi Mrs. Kerala contest she

became a finalist. That idea and Anoop's affinity to act worked together. She soon modelled for Parachute hair oil, Miller wires, 😭.Devassy jewellery. It was during this time that the advertising company came to know of Anoop's interest in acting through Preena and approached him.

That was a break for them. An advertisement of a Nagercoil based baby shop followed. By this time their daughter appeared alone in the ads of Puma umbrellas and Pankajakasturi. Anoop and Preena were taken aback when they were invited to appear on the cover page of the Mathrubhoomi Aarogyam magazine. That and the advertisements brought the family to indescribable fame, says Anoop his voice quivering with joy.

His career path started from Thambaram, moved on through Coimbatore Vadavalli, Nattarasankottai, Aluva and back to Chennai as Senior Manager. Anoop quips that the encouragement and love imparted by his colleagues and their recognising him as their ‘star' makes him feel overwhelmed.

This ‘star' gets talkative when describing the immense support given by Preena, who works for Cognizant Technologies. He concludes that the credit for the success of their family goes to them recognising each other’s passions and potentials and supporting the same and working to find opportunities for each other. Anoop and family are in the thrill of another advertisement featuring Preena acting alongside a famous actor, that is about to be released.

Beyond modelling and acting in advertisements, a good big-screen movie, a good character with depth.. that is the dream Anoop cradles in the corner of his heart. He believes this dream would come true. We wish Anoop, an optimist who believes that what you truly yearn comes to you, that all his dreams be illuminated by the celluloid radiance.

---------------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Arya Gayathry, State Bank of India, LHO Thiruvanathapuram